# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

## ദൂത് അഞ്ച്
## **ജീവവൃക്ഷം**

RM *Hymns*: ML154, ML174

തിരുവെഴുത്തു വായന: ഉല്പ. 2:7-9; വെളി. 2:4-5, 7; 22:2, 14; 2 കൊരി. 4:5; 5:14-15

ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

ഉല്പ. 2:8 അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി.

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

വെളി. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

വെളി. 2:5 അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും.

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

വെളി. 22:14 ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ.

2 കൊരി. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

2 കൊരി. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

2 കൊരി. 5:15 ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു.

**I. പ്രപഞ്ചത്തിന്റെ കേന്ദ്രമായ ജീവവൃക്ഷത്തിന്റെ യാഥാർഥ്യമാണ് ക്രിസ്തു; ജീവൻ ആണ് ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യവും (ഉല്പ. 1:26-28, 31; 2:7-9) ദൈവത്തിന്റെ സമ്പൂർണ്ണ രക്ഷയുടെ ലക്ഷ്യവും (യോഹ. 19:34; റോമ. 5:10; വെളി. 22:1-2, 14, 19):**

ഉല്പ 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

ഉല്പ. 1:27 ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.

ഉല്പ. 1:28 ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ

മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു.

ഉല്പ. 1:31 താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം.

ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

ഉല്പ. 2:8 അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി.

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

യോഹ. 19:34 എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തി, ഉടനെ രക്തവും ജലവും പുറത്തേക്കു വന്നു.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

വെളി. 22:14 ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ.

വെളി. 22:19 ഈ പ്രവചനചുരുളിന്റെ വചനങ്ങളിൽനിന്ന് ആരെങ്കിലും എടുത്തുകളഞ്ഞാൽ, ഈ ചുരുളിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിൽനിന്നും വിശുദ്ധ നഗരത്തിൽനിന്നുമുള്ള അവന്റെ പങ്കിനെ ദൈവം എടുത്തുകളയും.

A. ബൈബിളിൽ ജീവവൃക്ഷം എപ്പോഴും ക്രിസ്തുവിനെ നമ്മുടെ ഭക്ഷണത്തിനായുള്ള ദൈവത്തിന്റെ എല്ലാ സമ്പത്തിന്റെയും ദേഹരൂപമായി സൂചിപ്പിക്കുന്നു; ദൈവം മനുഷ്യനെ ജീവവൃക്ഷത്തിന്റെ മുന്നിൽ നിർത്തി എന്നത് സൂചിപ്പിക്കുന്നത്, ദൈവം മനുഷ്യന്റെ ആളത്തത്തിന്റെ ഘടകാംശമായിത്തീരേണ്ടതിന് മനുഷ്യൻ ദൈവത്തെ ജൈവികമായി ഭക്ഷിക്കുകയും അവനെ ചയാപചയപരമായി സ്വാംശീകരിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യന്റെ ജീവനായി അവനെ മനുഷ്യൻ സ്വീകരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു എന്നാണ്—കൊലൊ. 2:9; ഉല്പ. 2:9; യോഹ. 1:4; 10:10; 14:6; 15:1; 6:35, 57, 63; 1 കൊരി. 15:45.

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

| | |
|---|---|
| യോഹ. 14:6 | യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല. |
| യോഹ. 15:1 | ഞാൻ യഥാർഥ മുന്തിരിവള്ളി ആകുന്നു, എന്റെ പിതാവ് കൃഷിക്കാരനും ആകുന്നു. |
| യോഹ. 6:35 | യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല. |
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |
| 1 കൊരി. 15:45 | ... ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |

B. വെളിപ്പട് 2:7-ലെ ജീവവൃക്ഷം ക്രൂശിക്കപ്പെട്ടവനും (മരക്കഷ്ണമായ വൃക്ഷത്തിൽ വിവക്ഷിച്ചിരിക്കുന്നു—1 പത്രൊ. 2:24) ഉയിർത്തെഴുന്നേറ്റവനുമായ (ദൈവജീവനിൽ വിവക്ഷിച്ചിരിക്കുന്നു—യോഹ. 11:25) ക്രിസ്തുവിനെ സൂചിപ്പിക്കുന്നു; അവൻ ഇന്ന് സഭയിലാണ്, അതിന്റെ പരിണതി പുതിയ യെരൂശലേം ആണ്; അതിൽ ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തു നിത്യതയോളം ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ പോഷണത്തിനായുള്ള ജീവവൃക്ഷമായിരിക്കും (വെളി. 22:2, 4).

| | |
|---|---|
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| 1 പത്രൊ. 2:24 | നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു. |
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു. |
| വെളി. 22:14 | ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ. |

## II. മനുഷ്യനിൽ ദൈവത്തിന്റെ ജീവൻ നേരിടുന്ന തടസ്സങ്ങൾ നാം കാണേണ്ടതാവശ്യമാണ്:

A. ദൈവത്തിന്റെ ജീവൻ നേരിടുന്ന ഒന്നാമത്തെ പ്രശ്നം നമ്മുടെ മാനുഷിക ധാരണകളുടെ ഇരുട്ടിനെ നാം തിരിച്ചറിയുന്നില്ല എന്നതാണ്:

1. ക്രിസ്തീയ ജീവിതത്തിൽ പ്രാധാന്യമുള്ള ഒരേയൊരു കാര്യം നമ്മിലുള്ള ജീവനുള്ള ക്രിസ്തുവിനെ നാം എങ്ങനെ കരുതുന്നു എന്നതാണെന്ന് നാം കാണേണ്ടതാവശ്യമാണ്—ഗലാ. 1:16; 2:20; 4:19; ഫിലി. 1:19-21; എഫെ. 4:13; 2 കൊരി. 3:18.

| | |
|---|---|
| ഗലാ. 1:16 | ജാതികളുടെ ഇടയിൽ അവനെ സുവിശേഷമായി ഞാൻ അറിയിക്കേണ്ടതിന് തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഉടനെ ഞാൻ ജഡരക്തത്തോട് ആലോചിക്കുകയോ, |
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ |

| | |
|---|---|
| | ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു. |
| ഗലാ. 4:19 | ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ, |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |
| ഫിലി. 1:20 | എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും. |
| ഫിലി. 1:21 | എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. |
| എഫെ. 4:13 | ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു, |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |

2. ഒരു ക്രിസ്ത്യാനിയായിരിക്കുകയെന്നാൽ നമ്മുടെ ലക്ഷ്യമായി ക്രിസ്തുവിനെയല്ലാതെ മറ്റൊന്നിനെയും എടുക്കാതിരിക്കുന്നതാണ്; അനേകം ക്രിസ്ത്യാനികൾക്കും ജീവന്റെ പാത അറിയാത്തതുകൊണ്ടും അവരുടെ ജീവനായി അവർ ക്രിസ്തുവിനെ എടുക്കാത്തതുകൊണ്ടും അവർ രക്ഷിക്കപ്പെട്ടശേഷം അവരുടെ ആത്മിക ജീവിതത്തിൽ പ്രയാസമുണ്ട്.

B. നമ്മിൽ ജീവൻ നേരിടുന്ന രണ്ടാമത്തെ പ്രശ്നം കപടഭക്തിയാണ്—മത്താ. 6:2, 5; 7:5; 23:13-29:

| | |
|---|---|
| മത്താ. 6:2 | ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |
| മത്താ. 6:5 | നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |
| മത്താ. 7:5 | കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്നു കോൽ എടുത്തു കളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയുവാൻ നീ വ്യക്തമായി കാണും. |
| മത്താ. 23:13 | എന്നാൽ ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! എന്തെന്നാൽ നിങ്ങൾ മനുഷ്യരുടെ മുമ്പാകെ സ്വർഗരാജ്യം അടച്ചുകളയുന്നു; നിങ്ങൾ തന്നെത്താൻ പ്രവേശിക്കുന്നില്ല, പ്രവേശിക്കുന്നവരെ പ്രവേശിക്കുവാൻ അനുവദിക്കുന്നതുമില്ല. |

മത്താ. 23:14 എന്നാൽ ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! എന്തെന്നാൽ നിങ്ങൾ നാട്യത്തിനായി ദൈർഘ്യമേറിയ പ്രാർഥനകൾ പ്രാർഥിക്കുമ്പോഴും വിധവമാരുടെ ഭവനങ്ങളെ വിഴുങ്ങിക്കളയുന്നു. ഇക്കാരണത്താൽ നിങ്ങൾക്ക് ഏറിയ ന്യായവിധി ലഭിക്കും.

മത്താ. 23:15 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! എന്തെന്നാൽ നിങ്ങൾ കടലും കരയും ചുറ്റിനടന്ന് ഒരുവനെ സ്വമതത്യാഗിയാക്കുന്നു; അവൻ അങ്ങനെ ആകുമ്പോഴോ, നിങ്ങൾ അവനെ നിങ്ങൾക്ക് ഇരട്ടിയായി ഗെഹെന്നയുടെ പുത്രനാക്കുന്നു.

മത്താ. 23:16 ആരെങ്കിലും ആലയത്തെക്കൊണ്ട് ശപഥം ചെയ്താൽ അത് ഒന്നുമല്ല; എന്നാൽ ആരെങ്കിലും ആലയത്തിലെ സ്വർണത്തെക്കൊണ്ട് ശപഥം ചെയ്താൽ അവൻ ബാധ്യസ്ഥനാണ് എന്നു പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്ക് അയ്യോ കഷ്ടം!

മത്താ. 23:17 മൂഢരും കുരുടരും ആയവരേ, ഏതാകുന്നു വലിയത്, സ്വർണമോ സ്വർണത്തെ വിശുദ്ധീകരിക്കുന്ന ആലയമോ?

മത്താ. 23:18 പിന്നെയും, ആരെങ്കിലും യാഗപീഠത്തെക്കൊണ്ട് ശപഥം ചെയ്താൽ, അത് ഒന്നുമല്ല; എന്നാൽ ആരെങ്കിലും അതിന്മേലുള്ള ഉപഹാരത്തെക്കൊണ്ട് ശപഥം ചെയ്താൽ അവൻ ബാധ്യസ്ഥനാണ്.

മത്താ. 23:19 കുരുടന്മാരേ, ഏതാകുന്നു വലിയത്, ഉപഹാരമോ ഉപഹാരത്തെ വിശുദ്ധീകരിക്കുന്ന യാഗപീഠമോ?

മത്താ. 23:20 അതുകൊണ്ട്, യാഗപീഠത്തെക്കൊണ്ട് ശപഥം ചെയ്യുന്നവൻ അതിനെക്കൊണ്ടും അതിന്മേലുള്ള സകലത്തെക്കൊണ്ടും ശപഥം ചെയ്യുന്നു;

മത്താ. 23:21 ആലയത്തെക്കൊണ്ട് ശപഥം ചെയ്യുന്നവനോ, അതിനെക്കൊണ്ടും അതിൽ വസിക്കുന്നവനെക്കൊണ്ടും ശപഥം ചെയ്യുന്നു;

മത്താ. 23:22 സ്വർഗത്തെക്കൊണ്ട് ശപഥം ചെയ്യുന്നവനോ, ദൈവത്തിന്റെ സിംഹാസനത്തെക്കൊണ്ടും അതിന്മേൽ ഇരിക്കുന്നവനെക്കൊണ്ടും ശപഥം ചെയ്യുന്നു.

മത്താ. 23:23 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പുതിനയും ചതകുപ്പയും ജീരകവും ദശാംശം കൊടുക്കുകയും, ന്യായപ്രമാണത്തിന്റെ ഘനമേറിയ കാര്യങ്ങളായ ന്യായവും കരുണയും വിശ്വസ്തതയും അവഗണിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇവയെ നീ ചെയ്യുകയും, മറ്റുള്ളവയെ നീ അവഗണിക്കാതിരിക്കുകയും വേണമായിരുന്നു.

മത്താ. 23:24 കുരുടന്മാരായ വഴികാട്ടികളേ! നിങ്ങൾ കൊതുകിനെ അരിക്കുകയും, എന്നാൽ ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നു.

മത്താ. 23:25 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പാനപാത്രത്തിന്റെയും തളികയുടെയും പുറം വെടിപ്പാക്കുന്നു, എന്നാൽ അകമേ അവർ അപഹരണത്താലും ഭോഗാസക്തിയാലും നിറഞ്ഞിരിക്കുന്നു.

മത്താ. 23:26 കുരുടനായ പരീശനേ, പാനപാത്രത്തിന്റെയും തളികയുടെയും പുറം വൃത്തിയാകേണ്ടതിന് ആദ്യം അവയുടെ അകം വെടിപ്പാക്കുവിൻ.

മത്താ. 23:27 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ വെള്ളപൂശിയ ശവക്കല്ലറകളോടു സദൃശമാകുന്നു, അവ പുറമേ അഴകായി കാണപ്പെടുന്നു, എന്നാൽ അകമേ മരിച്ചവരുടെ അസ്ഥികളാലും സകല അശുദ്ധിയാലും നിറഞ്ഞിരിക്കുന്നു.

മത്താ. 23:28 അങ്ങനെ നിങ്ങളും പുറമേ മനുഷ്യർക്കു നീതിമാന്മാരായി കാണപ്പെടുന്നു, എന്നാൽ അകമേ നിങ്ങൾ കാപട്യത്താലും

| | |
|---|---|
| | അധർമത്താലും നിറഞ്ഞിരിക്കുന്നു. |
| മത്താ. 23:29 | ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പ്രവാചകന്മാരുടെ ശവകുടീരങ്ങളെ പണിയുകയും നീതിമാന്മാരുടെ കല്ലറകളെ അലങ്കരിക്കുകയും ചെയ്യുന്നു, |

1. ഒരു വ്യക്തിയുടെ ആത്മികത പുറമെയുള്ള കാഴ്ചയാലല്ല, മറിച്ച് ഉൾവസിക്കുന്ന ക്രിസ്തുവിനെ അവൻ എങ്ങനെ കരുതുന്നു എന്നതിനാലാണ് നിർണയിക്കപ്പെടുന്നത്.
2. നമ്മുടെ സ്വാഭാവിക നന്മ വ്യാജമായ ആത്മികതയും, വാസ്തവത്തിൽ ജീവന് ഒരു വലിയ തടസ്സവും ആണ്; ജീവന്റെ ആവിഷ്കാരത്തിൽ നമ്മുടെ സ്വാഭാവിക സഹജസ്വഭാവത്തിന്റെയും മുൻഗണയുടെയും തിരസ്കരണവും, നമ്മിൽ പ്രവർത്തിക്കുവാനും നമ്മെ തകർക്കുവാനും ക്രിസ്തുവിനെ അനുവദിക്കുന്നതും ഉൾപ്പെടുന്നു.
3. നമ്മുടെ സഹജസ്വാഭാവത്തിനും സ്വാഭാവിക ആളത്തത്തിനുമനുസരിച്ച് നാം എല്ലായ്പോഴും കാര്യങ്ങൾ ചെയ്യുന്നുവെങ്കിൽ, ഫലം എല്ലായ്പോഴും കാപട്യമായിരിക്കും.

| | |
|---|---|
| റോമ. 8:6 | ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| 1 യോഹ. 2:27 | നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ. |

C. നമ്മിൽ ജീവൻ നേരിടുന്ന മൂന്നാമത്തെ പ്രശ്നം മത്സരമാണ്:
   1. നമുക്കുവേണ്ടിയുള്ള അവന്റെ ഹിതത്തെയും ആവശ്യകതകളെയും കുറിച്ചും അവന്റെ നടത്തിപ്പിനെയും നമ്മോടുള്ള ഇടപെടലിനെയും കുറിച്ചും നമ്മെ വ്യക്തതയുള്ളവരാക്കുന്നതിനായി ക്രിസ്തു നമ്മിൽ പ്രവർത്തിക്കുകയും നീങ്ങുകയും ചെയ്യുന്നു.
   2. എങ്കിലും, നാം അനുസരിക്കാതെ, അവന്റെ നടത്തിപ്പിനെ അംഗീകരിക്കാതെയോ വില നൽകാതെയോ ഉള്ളിലുള്ള അനുഭൂതിക്കെതിരായി പോകുന്നുവെങ്കിൽ, ഈ മനസ്സില്ലായ്മയും എതിർപ്പും മത്സരമാണ്.
   3. നാം ഏറ്റവും കൂടുതൽ തവണയും ഏറ്റവും കഠിനമായും ചെയ്യുന്ന പാപം പുറമെയുള്ളതും ദൃശ്യമായതുമല്ല; മറിച്ച്, അത് നമ്മിലുള്ള ക്രിസ്തുവിന്റെ ബോധത്തെ അനുസരിക്കാതിരിക്കുന്ന പാപമാണ്: ക്രിസ്തു നമ്മിൽ ജീവിക്കുകയും, അവൻ നിരന്തരം നമുക്ക് ആന്തരിക ജീവബോധം നൽകുകയും ചെയ്യുന്നു.

D. നമ്മിൽ ജീവൻ നേരിടുന്ന നാലാമത്തെ പ്രശ്നം നമ്മുടെ സ്വാഭാവിക കഴിവാണ്:
   1. അനേകം സഹോദരീ സഹോദരന്മാർ കർത്താവിനെ വാസ്തവമായി സ്നേഹിക്കുന്നവരും, കർത്താവിനുവേണ്ടി എരിവുള്ളവരും, വളരെ ദൈവികരും ആണ്; എന്നിരുന്നാലും, അവരുടെ ഏറ്റവും വലിയ പ്രശ്നം അവരുടെ കഴിവുകളുടെയും പ്രാപ്തികളുടെയും ബലവും മാഹാത്മ്യവുമാണ്; തൽഫലമായി ക്രിസ്തുവിന് അവരിൽ അടിത്തറയോ വഴിയോ ഇല്ല.

2. നാം കഴിവുള്ളവരും പ്രഗത്ഭരും ആയിരിക്കും, എന്നാൽ ഈ കാര്യങ്ങളെ പാപമായോ മലിനമായോ നാം പരിഗണിക്കുന്നില്ല; നമ്മുടെ സ്വാഭാവിക കഴിവുകളെ നിന്ദിക്കുന്നതിനു പകരം നാം അവയെ വിലമതിക്കുന്നു; അവ നമ്മിൽ തകർക്കപ്പെടാതിരിക്കുന്നുവെങ്കിൽ, അവ ക്രിസ്തീയജീവിതത്തിന് ഒരു പ്രശ്നമായിത്തീരും.

E. ഈ എല്ലാ പ്രതിബന്ധങ്ങൾക്കും ഒരു പരിഹാരമുണ്ട്—നാം ക്രൂശിലൂടെ കടന്നുപോകുകയും ക്രൂശ് നമ്മെ തകർക്കുകയും വേണം; ക്രിസ്തുവിന്റെ ജീവൻ തടസ്സം കൂടാതെ നമ്മിൽ ഉണ്ടായിരിക്കണമെങ്കിൽ നാം ക്രൂശിന്റെ തകർക്കൽ അനുഭവമാക്കുകയും ഈ പ്രതിബന്ധങ്ങൾ ഇടപെടൽ പ്രാപിക്കുവാനും നീക്കം ചെയ്യപ്പെടുവാനും അനുവദിക്കുകയും വേണം—മത്താ. 16:24-25.

| | |
|---|---|
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |
| മത്താ. 16:25 | തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും. |

**III. ജീവവൃക്ഷമായി നാം ക്രിസ്തുവിനെ ഭക്ഷിക്കുന്നതിന്, സകലത്തിലും നാം അവന് ഒന്നാം സ്ഥാനം നൽകണം, അത് അവനെ ആദ്യസ്നേഹത്താൽ സ്നേഹിക്കുന്നതും, നമ്മുടെ ജീവിതത്തിൽ സകലവുമായി അവനെ കണക്കാക്കുകയും എടുക്കുകയും ചെയ്യുന്നതിന് അവന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്നതുമാണ്—വെളി. 2:4-5; കൊലൊ. 1:18; 2 കൊരി. 5:14-15; മർക്കൊ. 12:30; സങ്കീ. 73:25-26; 80:17-19:**

| | |
|---|---|
| വെളി. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| വെളി. 2:5 | അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും. |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |
| 2 കൊരി. 5:15 | ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു. |
| മർക്കൊ. 12:30 | നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം.” |
| സങ്കീ. 73:25 | സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. |
| സങ്കീ. 73:26 | എന്റെ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു; ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു. |
| സങ്കീ. 80:17 | നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെമേൽ നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെമേൽതന്നേ ഇരിക്കട്ടെ. |
| സങ്കീ. 80:18 | എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. |
| സങ്കീ. 80:19 | സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ. |

A. ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുന്നതും, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നതും, ജീവവൃക്ഷമായി അവനെ ഭക്ഷിക്കുന്നതാണ്; ജീവവൃക്ഷമായി ക്രിസ്തുവിനെ ഭക്ഷിക്കുന്നത്, അതായത്, നമ്മുടെ ജീവസഹായമായി ക്രിസ്തുവിനെ ആസ്വദിക്കുന്നത്, സഭാജീവിതത്തിൽ പ്രഥമ കാര്യമായിരിക്കണം—വെളി. 2:7; യോഹ. 6:57, 63.

| | |
|---|---|
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |

B. സഭാജീവിതത്തിന്റെ ഉള്ളടക്കം ക്രിസ്താസ്വാദനത്തെ ആശ്രയിച്ചിരിക്കുന്നു; നാം എത്രത്തോളം അവനെ ആസ്വദിക്കുന്നുവോ, അത്രത്തോളം സമ്പന്നമായിരിക്കും ഉള്ളടക്കം; എന്നാൽ ക്രിസ്തുവിനെ ജീവവൃക്ഷമായി ഭക്ഷിക്കുന്നതിന്, നമ്മുടെ ജീവസഹായമായി അവനെ ആസ്വദിക്കുന്നതിന്, നാം അവനെ ആദ്യസ്നേഹത്താൽ സ്നേഹിക്കേണ്ടതാവശ്യമാണ്—വെളി. 2:4-5.

| | |
|---|---|
| വെളി. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| വെളി. 2:5 | അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും. |

C. ഒരുവശത്ത്, കൃത്യമായി പറഞ്ഞാൽ, വെളിപ്പാട് 2:7-ൽ ദൈവത്തിന്റെ പറുദീസയിൽ ജീവവൃക്ഷം ഭക്ഷിക്കുന്നത് വരാനിരിക്കുന്ന സഹസ്രാബ്ദരാജ്യത്തിലെ പുതിയ യെരൂശലേമിൽ നമ്മുടെ ജീവസഹായമായുള്ള പ്രത്യേക ക്രിസ്താസ്വാദനത്തെ പരാമർശിക്കുന്നു.

| | |
|---|---|
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |

D. മറുവശത്ത്, സഭയിൽ ഒരു മുൻരുചിയായി ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെ ജീവവൃക്ഷമായി, നമ്മുടെ ആത്മാവിൽ ആഹാരമായി, നാം ആസ്വദിച്ചുകൊണ്ടിരിക്കുന്നു; ഓരോ സ്ഥലം സഭയും ദൈവത്തിന്റെ ഒരു പറുദീസയാണ്, അവിടെ ക്രിസ്തു നമുക്ക് ആസ്വദിക്കുവാനുള്ള ജീവവൃക്ഷമാണ്.

E. നാം സകലത്തിലും കർത്താവിന് ഒന്നാം സ്ഥാനം നൽകുകയും ദിവസത്തിലുടനീളം ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെ ജീവവൃക്ഷമായി നാം ഭക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, സഭയുടെ അവസ്ഥ എന്തായാലും, അത് നമുക്ക് പറുദീസയായിത്തീരുന്നു; അങ്ങനെ, സഭയോടുള്ള നമ്മുടെ അനുഭൂതിയും നമ്മുടെ മനോഭാവവും നമ്മുടെ സാഹചര്യത്തെ ആശ്രയിച്ചിരിക്കുന്നു.

F. "ഇന്ന് സഭാജീവിതത്തിൽ ക്രിസ്തുവിനെ ജീവവൃക്ഷമായി നാം ആസ്വദിക്കുന്നില്ലെങ്കിൽ, തീർച്ചയായും രാജ്യയുഗത്തിൽ ജീവവൃക്ഷത്തിൽ നാം പങ്കുചേരുകയില്ല. എന്റെ അനുഭവമനുസരിച്ച് ഇന്ന് അനഹേമിലുള്ള സഭ എനിക്ക്

ഒരു പറുദീസയാണ്"—*The Collected Works of Witness Lee, 1994–1997,* vol. 5, "The Vital Groups," p. 157.

G. സഭയുടെ ശൂന്യാവസ്ഥയ്ക്കും അധഃപതനത്തിനുമുള്ള അന്ത:സ്ഥിതമായ കാരണം ദൈവജനത്താൽ ക്രിസ്തു ഉയർത്തപ്പെടുന്നില്ല എന്നതാണ്; അവർ അവന് സകലത്തിലും സർവോൽകൃഷ്ടത, ഒന്നാം സ്ഥാനം, നൽകുന്നില്ല; ദൈവത്തിന്റെ ജനം അവരുടെ ജീവിതത്തിൽ എല്ലാ വശങ്ങളിലും അവന് സർവോൽകൃഷ്ടത നൽകിക്കൊണ്ട് ക്രിസ്തുവിനെ ഉയർത്തുമ്പോഴെല്ലാം അവിടെ പുനഃസ്ഥാപനവും ഉണർവും ഉണ്ട്—സങ്കീ. 80:17-19.

| | |
|---|---|
| സങ്കീ. 80:17 | നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെമേൽ നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെമേൽതന്നേ ഇരിക്കട്ടെ. |
| സങ്കീ. 80:18 | എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. |
| സങ്കീ. 80:19 | സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ. |

H. നമ്മുടെ ജീവിതത്തിൽ മാത്രമല്ല നമ്മുടെ എല്ലാ സന്ദേശങ്ങളിലും ക്രിസ്തുവിന് ഒന്നാം സ്ഥാനം ഉണ്ടായിരിക്കണം: "ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്"—2 കൊരി. 4:5; പ്ര.നി. എബ്രാ. 1:3; 8:1; 12:2; സങ്കീ. 80:1, 17-19; 110:1-7:

| | |
|---|---|
| എബ്രാ. 1:3 | അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു; |
| എബ്രാ. 8:1 | ഈ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിലെ മുഖ്യകാര്യം ഇതാകുന്നു: സ്വർഗത്തിൽ, മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നവനായി, |
| എബ്രാ. 12:2 | നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. |
| സങ്കീ. 80:1 | സംഗീതപ്രമാണിക്കു; സാരസസാക്ഷ്യം എന്ന രാഗത്തിൽ; ആസാഫിന്റെ ഒരു സങ്കീർത്തനം. ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ. |
| സങ്കീ. 80:17 | നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെമേൽ നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെമേൽതന്നേ ഇരിക്കട്ടെ. |
| സങ്കീ. 80:18 | എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. |
| സങ്കീ. 80:19 | സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ. |
| സങ്കീ. 110:1 | ദാവീദിന്റെ ഒരു സങ്കീർത്തനം. യഹോവ എന്റെ കർത്താവിനോടു അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക. |

സങ്കീ. 110:2 നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽനിന്നു നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.

സങ്കീ. 110:3 നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനമായിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.

സങ്കീ. 110:4 നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല.

സങ്കീ. 110:5 നിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവു തന്റെ ക്രോധദിവസത്തിൽ രാജാക്കന്മാരെ തകർത്തുകളയും.

സങ്കീ. 110:6 അവൻ ജാതികളുടെ ഇടയിൽ ന്യായംവിധിക്കും; അവൻ എല്ലാടവും ശവങ്ങൾകൊണ്ടു നിറെക്കും; അവൻ വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തുകളയും.

സങ്കീ. 110:7 അവൻ വഴിയരികെയുള്ള തോട്ടിൽനിന്നു കുടിക്കും; അതുകൊണ്ടു അവൻ തല ഉയർത്തും.

1. നമ്മുടെ വേലയിൽ ജനത്തെ നാം കേന്ദ്രത്തിലേക്ക് മടക്കിക്കൊണ്ടുവരുകയും "ക്രിസ്തു കർത്താവാണെന്ന്" അവരെ കാണുമാറാക്കുകയും വേണം: കർത്താവായ യേശുവിന് നാം സിംഹാസനത്തിൽ അവന്റെ സ്ഥാനം നൽകണം—പ്ര.നി. ഉത്ത. 1:1-4; യെശ. 6:1, 3; യോഹ. 12:41.

ഉത്ത. 1:1 ശലോമോന്റെ ഉത്തമഗീതം.

ഉത്ത. 1:2 അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.

ഉത്ത. 1:3 നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു.

ഉത്ത. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

യെശ. 6:1 ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.

യെശ. 6:3 ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.

യോഹ. 12:41 അവന്റെ മഹത്വം കാണുകയും, അവനെക്കുറിച്ച് സംസാരിക്കുകയും ചെയ്തതുകൊണ്ടായിരുന്നു യെശയ്യാവ് ഈ കാര്യങ്ങൾ പറഞ്ഞത്.

2. ഇങ്ങനെയുള്ള ഒരു ദൂത് നൽകുന്നതിന്, നാം ദൈവത്താൽ തകർക്കപ്പെടുകയും നമ്മിൽ ഒന്നാം സ്ഥാനം ഉണ്ടായിരിക്കുന്നതിന് ക്രിസ്തുവിനെ അനുവദിക്കുകയും വേണം; നമ്മുടെ ദൂത് കേവലം നമ്മുടെ വ്യക്തിയാണ്—2 കൊരി. 4:10-13; യോഹ. 12:24-26; പ്ര.നി. ലൂക്കൊ. 12:49-50.

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

| | |
|---|---|
| 2 കൊരി. 4:12 | ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും. |
| 2 കൊരി. 4:13 | "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു. |
| യോഹ. 12:24 | സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു. |
| യോഹ. 12:25 | തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും. |
| യോഹ. 12:26 | ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ, അവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ എവിടെ ആയിരിക്കുന്നുവോ, അവിടെ എന്റെ സേവകനും ആയിരിക്കും. ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ അവനെ പിതാവ് മാനിക്കും. |
| ലൂക്കൊ. 12:49 | ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു! |
| ലൂക്കൊ. 12:50 | എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു! |

3. "നന്നായി ചെയ്തിരിക്കുന്നു" എന്ന കർത്താവിന്റെ പരാമർശം ലോകത്തിന്റെ എല്ലാ പുകഴ്ചകളെയും കവിഞ്ഞുപോകുന്നു; സ്വർഗത്തിന്റെ പുഞ്ചിരിക്കുന്ന മുഖം ഭൂമിയുടെ എല്ലാ കോപമുള്ള മുഖത്തെയും കവിഞ്ഞുപോകുന്നു; സ്വർഗത്തിന്റെ ആശ്വാസം ഭൂമിയുടെ എല്ലാ കണ്ണുനീരിനെയും കവിഞ്ഞുപോകുന്നു—മത്താ. 25:21, 23; യിരെ. 1:7-9, 18-19; ദാനീ. 4:26.

| | |
|---|---|
| മത്താ. 25:21 | അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. |
| മത്താ. 25:23 | അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. |
| യിരെ. 1:7 | അതിന്നു യഹോവ എന്നോടു അരുളിച്ചെയ്തതു: ഞാൻ ബാലൻ എന്നു നീ പറയരുതു; ഞാൻ നിന്നെ അയക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാരിക്കയും വേണം. |
| യിരെ. 1:8 | നീ അവരെ ഭയപ്പെടരുതു; നിന്നെ വിടുവിക്കേണ്ടതിന്നു ഞാൻ നിന്നോടുകൂടെ ഉണ്ടെന്നു യഹോവയുടെ അരുളപ്പാടു. |
| യിരെ. 1:9 | പിന്നെ യഹോവ കൈ നീട്ടി എന്റെ വായെ തൊട്ടു: ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു; |
| യിരെ. 1:18 | ഞാൻ ഇന്നു നിന്നെ സർവ്വദേശത്തിന്നും യെഹൂദാരാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും ദേശത്തിലെ ജനത്തിന്നും നേരെ |

ഉറപ്പുള്ളോരു പട്ടണവും ഇരിമ്പുതൂണും താമ്രമതിലുകളും ആക്കിയിരിക്കുന്നു.

യിരെ. 1:19 അവർ നിന്നോടു യുദ്ധം ചെയ്യും; നിന്നെ ജയിക്കയില്ലതാനും; നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെ ഉണ്ടു എന്നു യഹോവയുടെ അരുളപ്പാടു.

ദാനീ. 4:26 വൃക്ഷത്തിന്റെ തായ് വേർ വെച്ചേക്കുവാൻ അവർ കല്പിച്ചതോ: വാഴുന്നതു സ്വർഗ്ഗമാകുന്നു എന്നു തിരുമനസ്സുകൊണ്ടു ഗ്രഹിച്ചശേഷം രാജത്വം തിരുമേനിക്കു സ്ഥിരമാകും എന്നത്രേ.

I. സകലത്തിലും ക്രിസ്തുവിന് ഒന്നാം സ്ഥാനം നൽകുന്നതിന് നമ്മുടെ രാജാവെന്ന നിലയിൽ അവനുവേണ്ടി നമുക്ക് വാത്സല്യമുള്ള സ്നേഹം ഉണ്ടായിരിക്കണം; അപ്പോൾ നമ്മുടെ നാവ്, അവനായിരിക്കുന്ന സകലവുമനുസരിച്ചുള്ള നമ്മുടെ അനുഭവത്തോടും ആസ്വാദനത്തോടുംകൂടെ, അവനുവേണ്ടിയുള്ള നമ്മുടെ സ്നേഹവും അവനോടുള്ള നമ്മുടെ സ്തുതിയും എഴുതുന്ന സമർഥനായ ലേഖകന്റെ എഴുത്തുകോലായിരിക്കും—സങ്കീ. 45:1-2; 2 കൊരി. 3:3, 6.

സങ്കീ. 45:1 സംഗീതപ്രമാണിക്കു; സാരസരാഗത്തിൽ കോരഹ് പുത്രന്മാരുടെ ഒരു ധ്യാനം. പ്രേമഗീതം. എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിന്നു വേണ്ടിയുള്ളതു എന്നു ഞാൻ പറയുന്നു. എന്റെ നാവു സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു.

സങ്കീ. 45:2 നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ; ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു; അതുകൊണ്ടു ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.

2 കൊരി. 3:3 ഞങ്ങളാൽ ശുശ്രൂഷിക്കപ്പെട്ട ക്രിസ്തുവിന്റെ എഴുത്തായി നിങ്ങൾ വെളിവായിക്കൊണ്ടിരിക്കുന്നുവല്ലോ, മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ തന്നെ, കൽപ്പലകകളിലല്ല മാംസഹൃദയപലകകളിൽ തന്നെ കൊത്തിവച്ചിരിക്കുന്നത്.

2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

J. ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുന്നത്, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നത്, അവനെ നമ്മുടെ കേന്ദ്രീയതയായും—നമ്മുടെ പിടിച്ചുനിർത്തുന്ന കേന്ദ്രം—നമ്മുടെ സാർവത്രികതയായും—നമ്മുടെ സകലവുമായും—എടുക്കുന്നതാണ്; അവനെ നമ്മുടെ വ്യക്തിപരമായ പ്രപഞ്ചത്തിന്റെ കേന്ദ്രമായും, ഉള്ളടക്കമായും, ചുറ്റളവായും നാം എടുക്കേണ്ടതാവശ്യമാണ്—കൊലൊ. 1:17, 18.

കൊലൊ. 1:17b ...സകലവും അവനിൽ സംസക്തമായിരിക്കുന്നു;

കൊലൊ. 1:18b ...അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

K. ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുന്നത്, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നത്, അവന്റെ സൗന്ദര്യത്തെ നോക്കുന്നതും, നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെയും വേലയുടെയും എല്ലാ വിശദാംശത്തിലും യഹോവയുടെ ആലോചന ചോദിക്കുന്നതുമാണ്—സങ്കീ. 27:4; യോശ. 9:14; ഫിലി. 4:6-7.

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

യോശു. 9:14 അപ്പോൾ യിസ്രായേൽപുരുഷന്മാർ യഹോവയോടു ചോദിക്കാതെ

| | |
|---|---|
| | അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു. |
| ഫിലി. 4:6 | ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ; |
| ഫിലി. 4:7 | സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും. |

L. ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുന്നത്, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നത്, അവന്റെ തടവുകാരായിരിക്കുന്നതിലൂടെ നമ്മുടെ ആത്മാവിൽ വിശ്രമത്തിനുവേണ്ടി കരുതുകയും, "കർത്താവേ, എന്നെ കീഴടക്കണമേ. എന്നെ നിന്റെ തടവുകാരനാക്കേണമേ. ജയിക്കുവാൻ എന്നെ അനുവദിക്കരുതേ. എന്നെ എപ്പോഴും തോൽപ്പിക്കേണമേ." എന്ന് പ്രാർഥിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനാൽ ഭരിക്കപ്പെടുകയും, നിയന്ത്രിക്കപ്പെടുകയും, നിർദേശിക്കപ്പെടുകയും, നയിക്കപ്പെടുകയും, പ്രേരിപ്പിക്കപ്പെടുകയും ചെയ്യുക എന്നാണ്.

| | |
|---|---|
| 2 കൊരി. 2:13 | എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി. |
| 2 കൊരി. 2:14 | എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം. |

M. ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുന്നത്, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നത്, നീലക്കല്ലിന്റെ കഴ്ചപോലെ ദൈവത്തിന്റെ സിംഹാസനത്തിനു മുകളിൽ ഭയങ്കരമായൊരു പളുങ്കുപോലുള്ള തെളിഞ്ഞ ആകാശം ഉണ്ടായിരിക്കുന്നതാണ്; ഇതർഥമാക്കുന്നത് നമുക്കും കർത്താവിനും ഇടയിൽ യാതൊന്നുമില്ലെന്നും നാം അവന്റെ ഭരണസാന്നിധ്യത്തിന്റെ സ്വർഗീയ അന്തരീക്ഷത്താലും, അവസ്ഥയാലും, സാഹചര്യത്താലും നിറഞ്ഞിരിക്കുന്നുവെന്നും ആണ്—അവനെ നമ്മുടെ രാജാവായി എടുക്കുകയും നമ്മുടെ ഉള്ളിൽ ഭരിക്കുവാനും വാഴുവാനും അവനെ അനുവദിക്കുകയും ചെയ്യുക എന്നാണ്—യെഹെ. 1:22, 26.

| | |
|---|---|
| യെഹെ. 1:22 | ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു. |
| യെഹെ. 1:26 | അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. |

N. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ രാജത്വത്തിൽ തന്റെ സഹായികളായ ജയാളികളോടുകൂടെ ഭൂമിയിൽ വാഴുന്ന രാജാവായ ക്രിസ്തുവിന് മാത്രമേ കഴിയുകയുള്ളൂ (യെശ. 42:1-4); ക്രിസ്തുവിന്റെ നാമം എല്ലാ തലമുറകളിലും ഓർമ്മിക്കപ്പെടുകയും അവന്റെ ജയിക്കുകയും കൂടെ-വാഴുകയും ചെയ്യുന്ന വിശുദ്ധന്മാരിലൂടെ ജാതികളാൽ സ്തുതിക്കപ്പെടുകയും ചെയ്യും (സങ്കീ. 45:16-17; വെളി. 2:26).

| | |
|---|---|
| യെശ. 42:1 | ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ |

വെച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും.

യെശ. 42:2 അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല.

യെശ. 42:3 ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും.

യെശ. 42:4 ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല; അവന്റെ ഉപദേശത്തിന്നായി ദ്വീപുകൾ കാത്തിരിക്കുന്നു.

സങ്കീ. 45:16 നിന്റെ പുത്രന്മാർ നിന്റെ പിതാക്കന്മാർക്കു പകരം ഇരിക്കും; സർവ്വഭൂമിയിലും നീ അവരെ പ്രഭുക്കന്മാരാക്കും.

സങ്കീ. 45:17 ഞാൻ നിന്റെ നാമത്തെ എല്ലാ തലമുറകളിലും ഓർക്കുമാറാക്കും. അതുകൊണ്ടു ജാതികൾ എന്നും എന്നേക്കും നിനക്കു സ്തോത്രം ചെയ്യും.

വെളി. 2:26 ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

O. സീയോനാൽ മുൻകുറിക്കപ്പെടുന്ന ജയാളികൾ സുരക്ഷിതതീരമാണ്, അതിലൂടെ കർത്താവ് മുഴുവൻ ഭൂമിയെയും കൈവശമാക്കുവാൻ മടങ്ങിവരും—സങ്കീ. 48:2; ദാനീ. 2:34-35.

സങ്കീ. 48:2 മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻപർവ്വതം ഉയരംകൊണ്ടു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു.

ദാനീ. 2:34 തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു.

ദാനീ. 2:35 ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

P. “[കവാടങ്ങളേ], നിങ്ങളുടെ തലകളെ ഉയർത്തുവിൻ; / പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; / മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. / മഹത്വത്തിന്റെ രാജാവ് ആർ? / ബലവാനും വീരനുമായ യഹോവ / യുദ്ധവീരനായ യഹോവ തന്നേ. / മഹത്വത്തിന്റെ രാജാവ് ആർ? / സൈന്യങ്ങളുടെ യഹോവ തന്നേ; / അവനാകുന്നു മഹത്വത്തിന്റെ രാജാവ്”—സങ്കീ. 24:7-8, 10:

1. കവാടങ്ങൾ ജാതികളുടെ പട്ടണങ്ങളുടേതാണ്; വാതിലുകൾ ആളുകളുടെ വീടുകളുടേതും, ക്രിസ്തു ജാതികളുടെ ആഗ്രഹവും ആണ് (ഹഗ്ഗാ. 2:7); പൊതുവായ രീതിയിൽ എല്ലാ ജാതികളും ക്രിസ്തു വരാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു, എന്നാൽ നമ്മുടെ മാനുഷിക ധാരണയനുസരിച്ച് ക്രിസ്തു വരികയില്ല (2 പത്രൊ. 3:8-9); അങ്ങനെ, നമ്മുടെ തലകളെ നാം ഉയർത്തുകയും ദീർഘക്ഷമയോടെ അവന്റെ വരവിനെ പ്രതീക്ഷിക്കുകയും വേണം.

   ഹഗ്ഗാ. 2:7 ഞാൻ സകലജാതികളെയും ഇളക്കും; സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

   2 പത്രൊ. 3:8 എന്നാൽ പ്രിയരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം

പോലെയും ആകുന്നു എന്ന ഈ ഒരു കാര്യം നിങ്ങൾ അറിയാതിരിക്കരുത്.

2 പത്രൊ. 3:9 ചിലർ താമസം എന്ന് കരുതുന്നതുപോലെ, വാഗ്ദത്തം സംബന്ധിച്ച് കർത്താവ് താമസിക്കുന്നില്ല, ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരത്തിലേക്കു മുന്നേറുവാൻ ഉദ്ദേശിച്ചുകൊണ്ട് നിങ്ങളോട് ദീർഘക്ഷമ കാണിക്കുകയത്രേ ചെയ്യുന്നത്.

2. മഹത്വത്തിന്റെ രാജാവ് സൈന്യങ്ങളുടെ യഹോവ, ജയശാലിയും ജയിക്കുന്നവനുമായ ക്രിസ്തുവിൽ ദേഹരൂപമെടുത്ത പരിണതിപ്രാപിച്ച ത്രിയേക ദൈവം ആണ് (ലൂക്കൊ. 21:27; മത്താ. 25:31); യഹോവ യേശുവും, യേശു ജഡാവതാരമെടുത്തവനും, ക്രൂശിക്കപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റവനുമായ ത്രിയേക ദൈവവുമാണ്, അവൻ പോരാട്ടത്തിൽ ശക്തനും ജയശാലിയുമാണ് (1:21; വെളി. 5:5).

ലൂക്കൊ. 21:27 അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും വലിയ തേജസ്സോടുംകൂടി മേഘത്തിൽ വരുന്നത് അവർ കാണും.

മത്താ. 25:31 എന്നാൽ മനുഷ്യപുത്രൻ തന്റെ തേജസ്സിൽ തന്നോടൊപ്പം സകല ദൂതന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കും.

മത്താ. 1:21 അവൾ ഒരു പുത്രനെ പ്രസവിക്കും, നീയോ അവനു യേശു എന്നു പേർ വിളിക്കേണം, എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും.

വെളി. 5:5 മൂപ്പന്മാരിൽ ഒരുവൻ, കരയേണ്ട; ഇതാ, യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ, ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ജയം പ്രാപിച്ചിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു.

3. അവൻ തന്റെ രാജ്യമായി മുഴുവൻ ഭൂമിയെയും കൈവശമാക്കുവാൻ തന്റെ ജയാളികളോടുകൂടെ പുനരുത്ഥാനത്തിൽ മടങ്ങിവരുന്നവനാണ്—ദാനീ. 2:34-35; 7:13-14; യോവേ. 3:11; വെളി. 11:15; 19:13-14.

ദാനീ. 2:34 തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു.

ദാനീ. 2:35 ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

ദാനീ. 7:13 രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി.

ദാനീ. 7:14 സകലവംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു.

യോവേ. 3:11 ചുറ്റുമുള്ള സകലജാതികളുമായുള്ളോരേ, ബദ്ധപ്പെട്ടു വന്നുകൂടുവിൻ! യഹോവേ, അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ,

ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

വെളി. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

Q. ദൈവത്തിന്റെ സിംഹാസനത്തിലിരിക്കുന്നവനായ ക്രിസ്തുവിന് പത്മരാഗത്തിന്റെയും (അതിന്റെ ചുവപ്പു നിറം വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്നു) സൂര്യകാന്തത്തിന്റെയും (അതിന്റെ കടുംപച്ച നിറം അതിന്റെ സമ്പന്നതയിലുള്ള ജീവനെ സൂചിപ്പിക്കുന്നു) കാഴ്ചയുണ്ട്; അങ്ങനെ, നാം ക്രിസ്തുവിന്റെ തലയായ്മയ്ക്ക് നമ്മെത്തന്നെ കീഴ്പെടുത്തുകയും അവന്റെ സിംഹാസനത്തിൻ കീഴിലായിരിക്കുകയും ചെയ്യുമ്പോൾ, അവന്റെ സമ്പന്നമായ ജീവനിൽ തേജോമയനായ ദൈവത്തിന്റെ അതേ കാഴ്ച നമുക്ക് വഹിക്കുവാൻ കഴിയത്തക്കവണ്ണം നാം അവന്റെ നൈതികമായ വീണ്ടെടുപ്പിലും അവന്റെ ജൈവികമായ രക്ഷയിലും അവൻ ആയിരിക്കുന്നതിന്റെയെല്ലാം ഗുണഭോക്താക്കളാണ്—4:3; 21:10-11; റോമ. 5:10.

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

R. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ രക്തത്തിൽ തങ്ങളുടെ അങ്കികൾ കഴുകുന്നവർക്ക്, നിത്യതയിൽ ദൈവത്തിന്റെ പറുദീസയായ വിശുദ്ധ നഗരത്തിൽ തങ്ങളുടെ നിത്യ ഓഹരിയായി ജീവവൃക്ഷം ആസ്വദിക്കുവാനുള്ള അവകാശമുണ്ട്—വെളി. 22:14; 2:7.

വെളി. 22:14 ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ.

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.